# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 987 — 25/01/2018-ലെ മറുപടി

## വാട്ടർ അതോറിറ്റി പയ്യന്നൂർ സബ് ഡിവിഷന് കെട്ടിടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കൃഷ്ണൻ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പമന്ത്രി) |
| (എ) വാട്ടർ അതോറിറ്റിയുടെ പയ്യന്നൂർ സബ് ഡിവിഷൻ ഓഫീസ് പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണോ; എങ്കിൽ പ്രതിമാസം എത്ര രൂപയാണ് വാടക ഇനത്തിൽ നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (എ) വാട്ടർ അതോറിറ്റിയുടെ പയ്യന്നൂർ പ്രോജക്ട് സബ് ഡിവിഷൻ, വാട്ടർ സപ്ലൈ സബ് ഡിവിഷൻ എന്നിവ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇവയ്ക്ക് യഥാക്രമം 11,100/- രൂപ, 23,598/- രൂപ വാടക ഇനത്തിൽ നൽകുന്നുണ്ട്. |
| (ബി) പയ്യന്നൂർ സബ് ഡിവിഷന് സ്വന്തമായി സ്ഥലം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് അറിയിക്കുമോ; | (ബി) പയ്യന്നൂർ വാട്ടർ സപ്ലൈ സബ് ഡിവിഷന് 9 സെന്റ് സ്ഥലം സ്വന്തമായുണ്ട്. |
| (സി) വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചാൽ പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ ഫണ്ട് അനുവദിക്കുമോ? | (സി) കെട്ടിട നിർമ്മാണത്തിനായി 45 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രസ്തുത എസ്റ്റിമേറ്റ് ഭരണാനുമതിക്ക് ലഭ്യമാക്കിയിട്ടില്ല. |

Renuka Sankar
സെക്ഷൻ ഓഫീസർ

JSK/